അറിയിപ്പ്

മി. സ്പീക്കർ: ഒരു പ്രത്യേക അറിയിപ്പ്, 1972 ജൂൺ 8-ന് വിയറ്റ്നാമിൽ അമേരിക്ക നടത്തിയ Napalm ബോംബിംഗിൽ പേടിച്ചരണ്ട് വിവസ്ത്രയായി ഓടുന്ന Phan Thi Kim Phuc എന്ന ഒൻപത് വയസ്സുകാരിയുടെ ചിത്രം പകർത്തി ലോകശ്രദ്ധ നേടിയ ഫോട്ടോഗ്രാഫറാണ് Nick Ut. യുദ്ധത്തിനെതിരെ ആഗോളതലത്തിൽ നടക്കുന്ന ക്യാമ്പയിനിംഗിൽ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന ചിത്രമാണ് ഇത്. Napalm Girl എന്നറിയപ്പെടുന്ന വിയറ്റ്നാം യുദ്ധചിത്രം പകർത്തി ചരിത്രത്തിൽ ഇടം നേടിയ മഹാനായ ഫോട്ടോഗ്രാഫർ Nick Ut ഡി.വി. ഗ്യാലറിയിൽ സഭാനടപടികൾ വീക്ഷിക്കുന്നതിന് എത്തിയിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം പ്രസിദ്ധ കവിയും എഴുത്തുകാരനുമായ ശ്രീ. സച്ചിദാനന്ദനും സന്നിഹിതനായിട്ടുണ്ട്.